പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3563 10.04.2013-ൽ മറുപടിക്ക്

## ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. അൻവർ സാദത്ത്<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, എം.പി. വിൻസെന്റ്<br>,, ആർ. സെൽവരാജ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | നഗരങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) | മാലിന്യസംസ്ക്കരണം നടത്താനുളള പ്രോത്സാഹനം നൽകുവാനും ചീഞ്ഞളിയുന്ന മാലിന്യങ്ങൾ (ജൈവമാലിന്യങ്ങൾ) ഉറവിടത്തിൽ തന്നെ സംസ്കരിക്കുക വഴി പൊതുസ്ഥലത്തിലേക്കും പൊതുമാലിന്യസംസ്കരണ കേന്ദ്രത്തിലേക്കും എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുവാനുമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. പരിസ്ഥിതി സൗഹൃദ മാലിന്യസംസ്കരണമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | സി) | അതാത് പ്രദേശത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയാണ് ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് സർക്കാർ അംഗികൃത സേവന ദാതാക്കൾ വഴിയോ അക്രഡിറ്റഡ് ഏജൻസികൾ വഴിയോ ആണ് നടപ്പിലാക്കി വരുന്നത്. |
| ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | ഡി) | ഉറവിട മാലിന്യം സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകളിലും സ്ഥാപനങ്ങളിലും അനുയോജ്യമായ സാങ്കേതിക വിദ്യകൾ അനുവദിക്കുന്നതിനും അവയ്ക്കുളള സബ്സിഡി നിരക്ക് ഉയർത്താനും കഴിഞ്ഞു. കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് 75% സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്ന് 15% സബ്സിഡിയും ചേർത്ത് ആകെ 90% സബ്സിഡിയായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഗാർഹിക തലത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും 50% സബ്സിഡിയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും 25% സബ്സിഡിയും ചേർത്ത് 75% സബ്സിഡിയായി ഉയർത്താനും കഴിഞ്ഞു. |

സാമ്പത്തിക സഹായത്തിന് പുറമെ മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്ന തിന് വേണ്ട സാങ്കേതിക സഹായവും ശുചിത്വ മിഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് ലഭ്യമാക്കി വരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈ മേഖലയിലെ പദ്ധതി നടപ്പിലാക്കാനുള്ള സേവനം നൽകാ നായി 84 സർക്കാർ അംഗികൃത സേവന ദാതാക്കളെയും 3 അക്രഡിറ്റഡ് ഏജൻസിക ളുടെ സേവനവും ഇതിനായി ലഭ്യമാക്കിയി ട്ടുണ്ട്. ഈ പദ്ധതി തയ്യാറാക്കി നടപ്പിലാ ക്കാനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

സെക്ഷൻ ഓഫീസർ